മയക്കുമരുന്ന് ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണം

17 [*T82] ശ്രീ. കെ. നാരായണക്കുറുപ്പ് :
,, റോഷി അഗസ്റ്റിൻ :
,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുട്ടികളിലും, യുവാക്കളിലും മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ ബോധവൽക്കരണ പരിപാടികൾ സർക്കാർ തലത്തിൽ നടപ്പാക്കിയിട്ടുണ്ടോ ;

(സി) കുട്ടികൾ കൂടുതലായി ഉപയോഗിച്ചു കാണുന്ന പാൻമസാലയുടെ വിപണനം നിരോധിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി സാമൂഹ്യക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളുമായി സഹകരിച്ച് കോഴിക്കോട്, കൊച്ചി എന്നീ നഗരങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സന്നദ്ധ സംഘടനകൾ വഴിയാണ് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നത്. തിരുവനന്തപുരം നഗരത്തിലും ബോധവൽക്കരണ പരിപാടികൾ ഉടൻ തുടക്കം കുറിക്കുന്നതാണ്. കൂടാതെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും, സംസ്ഥാന ആരോഗ്യ വകുപ്പും, വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ബോധവൽക്കരണ പരിപാടിയായ "എന്റെ നന്മ" നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി 2005 ഡിസംബർ 12-ന് കേരളത്തിലെ എല്ലാ സ്കൂളുകളിലും പ്രത്യേക അസംബ്ലിയിൽ വിദ്യാർത്ഥികൾ പാൻമസാല, മയക്കുമരുന്നു, മദ്യം, എച്ച്.ഐ.വി./എയ്ഡ്സ് എന്നിവയ്ക്കെതിരെ പ്രതിജ്ഞയെടുത്തു. അതേദിവസം തന്നെ ഇവയ്ക്കെതിരെ ഒരു ഡോക്ടറുടെ ക്ലാസ്സും സംഘടിപ്പിക്കുകയുണ്ടായി.

എന്റെ നന്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും 9-10 ക്ലാസുകാർക്കായി പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. പരിശീലനം നേടിയ വിദഗ്ദ്ധരാണ് മൂന്നു മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകം ക്ലാസ്സുകൾ ഉണ്ട്. എല്ലാ സ്കൂളുകളിലെ ഒരു അധ്യാപകനേയും അധ്യാപികയേയും വീതം ഈ പരിപാടിയുടെ പ്രയോക്താക്കളാക്കി നിശ്ചയിച്ചിട്ടുണ്ട്.

എന്റെ നന്മയുടെ ഭാഗമായി 8, 9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും, എല്ലാ അദ്ധ്യാപകർക്കും പെയിന്റിംഗ് മത്സരം പ്രത്യേകം സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മാർഗ്ഗരേഖ വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം എല്ലാ സ്കൂളുകളിലും എത്തിച്ചിട്ടുണ്ട്. "എന്റെ നന്മ" പദ്ധതിയുടെ ഭാഗമായി പരിശീലന സഹായികൾ, ലഘുലേഖകൾ, പോസ്റ്ററുകൾ, റേഡിയോ പരസ്യങ്ങൾ, റേഡിയോ പരിപാടികൾ തുടങ്ങി ബോധവത്ക്കരണ പരിപാടികളും നടപ്പിലാക്കിവരികയാണ്.

(സി) കുട്ടികൾ കൂടുതലായി ഉപയോഗിച്ചു കാണുന്ന പാൻമസാലയുടെ വിപണനം നിരോധിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ പല സാങ്കേതിക കാരണങ്ങളാൽ ഫലപ്രദമായിട്ടില്ല. മായം ചേർക്കൽ നിരോധന നിയമപ്രകാരം പാൻമസാലയും. സിഗരറ്റ് ആന്റ് അദർ റ്റുബാക്കോ പ്രോഡക്സ് ആക്ട് 2003 പ്രകാരം പുകയില അടങ്ങിയ ഏത് ഉൽപന്നങ്ങളും വിൽപ്പന നടത്താവുന്ന വസ്തുക്കളാണെങ്കിലും 18 വയസ്സിൽ താഴെയുള്ളവർക്ക് ഇത് വിൽക്കാൻ പാടില്ലാത്തതാണ്. സമ്പൂർണ്ണ പുകയില ഉൽപ്പന്നങ്ങളുടെ നിരോധനത്തിന് സംസ്ഥാന സർക്കാരിന് അധികാരമില്ലാത്തതിനാൽ വിപണനം തടയുന്നതിനുള്ള നടപടികൾക്ക് നിയമപരമായ പരിമിതികളുണ്ട്.

മരുന്ന് കുത്തിവച്ചതുമൂലം മരണം സംഭവിച്ച രോഗികൾ

18 [*83] ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2006 കാലഘട്ടത്തിൽ ഏതെങ്കിലും മരുന്ന് കുത്തിവച്ച് രോഗികൾ മരിച്ചതായോ ഗുരുതരമായ അസുഖം ബാധിച്ചതായോ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ കമ്പനികളുടെ മരുന്ന് കുത്തിവച്ചാണ് രോഗികൾ മരിച്ചതെന്നും ഗുരുതരാവസ്ഥയിൽ ആയതെന്നും വിശദമാക്കാമോ ;

(സി) ഇങ്ങനെ കുത്തിവയ്പ് നടത്തി രോഗി തൽക്ഷണം മരിച്ചിട്ടുണ്ടെങ്കിൽ മരുന്ന് കമ്പനിക്ക് എതിരെ കൊലക്കുറ്റത്തിന് കേസ്സ് എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ഡി) ഇങ്ങനെയുള്ള കമ്പനികളുടെ മരുന്ന് വിൽപ്പന കേരളത്തിൽ നിരോധിച്ചിട്ടുണ്ടോ ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) മരുന്ന് കുത്തിവച്ചതുമൂലം ആരുംതന്നെ മരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ ഒരു കുട്ടിക്ക് 24-10-2003-ൽ മരുന്ന് കുത്തിവച്ചതിനെ തുടർന്ന് കൈയിലെ വിരലുകൾ നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിൽ മരുന്ന് കുത്തിവച്ചതുമൂലം റിയാക്ഷൻ ഉണ്ടായതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മോഡേൺ ലബോറട്ടറി എന്ന കമ്പനിയുടെ ക്ലോക്സാസിലിൻ എന്ന മരുന്നാണ് കുത്തിവച്ചത്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലബോറേറ്റ് എന്ന കമ്പനിയുടെ സെഫ്റ്റാസിഡിൻ എന്ന മരുന്ന് ഉപയോഗിച്ചതാണ് കാരണം എന്ന് സംശയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly